# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാ ഓഫീസ് : കാസറഗോഡ്.

* * *

**സാധ്യതാ പട്ടിക** നമ്പർ: കെ.ജി.ഡി. 6/പി.എൽ/08 **കാസറഗോഡ്,**
**കാറ്റഗറി നമ്പർ . 106/2006.** **02.12.2008.**

## വിജ്ഞാപനം

**13.10.2006, 26.12.2006** എന്നീ തീയ്യതികളിലെ ഗസറ്റ് വിജ്ഞാപന പ്രകാരം **കാസറഗോഡ് ജില്ലയിൽ** ലാന്റ് റവന്യൂവകുപ്പിൽ **2650–4150 രൂപ ശമ്പള നിരക്കിൽ വില്ലേജ്മാൻ (കാറ്റഗറി നമ്പർ. 106/2006)(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്കുമാത്രം)** തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി **03.05.2008** തീയ്യതിയിൽ നടത്തിയ ഒബ്ജക്ടീവ് രീതിയിലുള്ള പരീക്ഷ (ഒ.എം.ആർ മൂല്യനിർണ്ണയം) യുടെ അടിസ്ഥാനത്തിൽ സൈക്ളിംഗ് ടെസ്റ്റിന് പരിഗണിക്കപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. റാങ്ക്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്. സൈക്ളിംഗ് ടെസ്റ്റിനും രേഖകൾ പരിശോധിക്കുന്നതിനുമുള്ള തീയ്യതി, സമയം, സ്ഥലം എന്നിവ ഈ വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുണ്ട്.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. രജിസ്റ്റർ നമ്പരുകൾക്കു മുന്നിലായി കാസറഗോഡ് ജില്ലയെ സൂചിപ്പിക്കുന്ന ‘ബി’ (B) എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

## മുഖ്യപട്ടിക

| | | | | | |
|---|---|---|---|---|---|
| 100017 | 100018 | 100023 | 100032 | 100057 | 100059 |
| 100063 | 100078 | 100092 | 100095 | 100100 | 100104 |
| 100107 | 100118 | 100120 | 100133 | 100210 | 100218 |
| 100219 | 100231 | 100235 | 100267 | 100275 | 100281 |
| 100291 | 100292 | 100293 | | | |

കുറിപ്പ് 1 :– അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പരുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക്പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

കുറിപ്പ് 2 :- അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനുശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

പരിക്ഷയിൽ 32(മുപ്പത്തിരണ്ട്) -ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സൈക്ളിംഗ് യോഗ്യത പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. വനിതകളെ സൈക്ളിംഗ് ടെസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഉദ്യോഗാർത്ഥികൾ സൈക്ളിംഗ് ടെസ്റ്റിനും സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്കുമായി 19.12.2008-ന് **രാവിലെ 10.30** മണിക്ക് സൈക്കിളും വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, സംവരണാനുകൂല്യത്തിനുള്ള അർഹത എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും സഹിതം കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ കാസറഗോഡ് ജില്ലാ ആഫീസിൽ സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. സൈക്ളിംഗ് ടെസ്റ്റിൽ അയോഗ്യരാകുന്നവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

മുകളിൽ പറഞ്ഞ പ്രകാരമുള്ള സർട്ടിഫിക്കറ്റും രേഖകളും വെരിഫിക്കേഷൻ സമയത്തിനു ശേഷം ഹാജരാക്കാൻ അവസരം നൽകുന്നതല്ല. സൈക്ളിംഗ് ടെസ്റ്റിനും സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്കും അനുവദിക്കപ്പെട്ട തീയ്യതിയോ, സമയമോ മാറ്റിക്കൊടുക്കുന്നതല്ല.

നിലവിലുള്ള നടപടിക്രമമനുസരിച്ച് ഉത്തരക്കടലാസുകളുടെ പുന:പരിശോധന റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ അനുവദിക്കുകയുള്ളൂ.

(ഉത്തരവിൻ പ്രകാരം)

ജില്ലാ ആഫീസർ,
കെ.പി.എസ്.സി ജില്ലാ ആഫീസ്,
കാസറഗോഡ്.

വിതരണാനുമതി നൽകുന്നു.

Sd/-
സെക്ഷൻ ഓഫീസർ.

*Pgv/dokas 3*